"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-അച്ചടക്ക നടപടി-ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ . എം . പി രവീന്ദ്രനാഥിനെതിരെയുള്ള വകുപ്പുതല നടപടി-ഔപചാരികാന്വേഷണത്തിന്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.576/2022/F&WLD തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:-

(1) 06.12.2013 ലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഡയറക്ടറുടെ ഇ9(ക്യൂവി 31/12/പികെഡി)3592/12 നമ്പർ കത്ത്

(2) 25.06.2015 ലെ വിജിലൻസ് വകുപ്പിന്റെ 258/ഇ4 /2014/വിജി നമ്പർ കത്ത്

(3) 21.06.2021 ലെ എ1/79/2018/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(4) 09.07.2021 തീയതിയായി ശ്രീ . എം . പി . രവീന്ദ്രനാഥ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.

(5) 23.3.2022 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-36392/15 നമ്പർ കത്ത്

<u>ഉത്തരവ്</u>

1) ചൂളന്നൂർ മയിൽ സങ്കേതത്തിലെ പ്രകൃതി പഠന ക്ലാസ് ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ക്വിക്ക് വെരിഫിക്കേഷൻ നടത്തി പരാമർശം (1), (2) പ്രകാരം സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കി ടി റിപ്പോർട്ടിലെ ശുപാർശ പ്രകാരം കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർനടപടിയുടെ ഭാഗമായി നടത്തിയ ഔപചാരികാന്വേഷണത്തിൽ ശ്രീ എം. പി. രവീന്ദ്രനാഥ് , റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും കുറ്റക്കാരനാണെന്ന് കണ്ട് സൂചന(3) പ്രകാരം 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1 5 പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പരാമർശം(5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ലഭ്യമാക്കിയ അഭിപ്രായത്തിൽ ശ്രീ എം.പി.രവീന്ദ്രനാഥിന്റെ കാലത്ത് ടി കെട്ടിടത്തിന്റെ പണികൾ നടന്നുവോ ഇല്ലയോ എന്നത് വ്യക്തമാക്കുന്നതിന് കൂടുതൽ തെളിവ് ശേഖരണം ആവശ്യമാണെന്നും അത്തരമൊരു തെളിവുകളുടെ വെളിച്ചത്തിൽ മാത്രമേ ടിയാന്റെ വാദഗതികളോട് യോജിക്കാനാവൂ എന്നും അഭിപ്രായപ്പെട്ടിരുന്നു.

3) പ്രസ്തുത ക്രമക്കേടിൽ ടിയന്റെ പങ്ക് തെളിയിക്കുന്നതിന് കൂടുതൽ തെളിവുകൾ വെണമെന്ന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിലും, ശ്രീ.എം.പി.രവീന്ദ്രനാഥ് ടിയാനെതിരെയുള്ള ചാർജ്ജുകൾ നിഷേധിച്ചിരിക്കുന്ന സാഹചര്യത്തിലും, വസ്തുതകൾ പുറത്തുകൊണ്ട് വരുന്നതിനായി കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരം ഒരു ഔപചാരികാന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.മേൽ സാഹചര്യത്തിൽ അന്വേഷണാധികാരിയായി പാലക്കാട് റിസർച്ച് അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.കെ.ജയപ്രകാശിനെയും, പ്രസന്റിംഗ് ഓഫീസറായി പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ടെക്നിക്കൽ അസിസ്റ്റന്റായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ ഇ.നവാസിനെയും നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4) അന്വേഷണാധികാരി അന്വേഷണ റിപ്പോർട്ട് കർശനമായും മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ . എം . പി . രവീന്ദ്രനാഥ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ.
(ഭരണ വിഭാഗം അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
ശ്രീ.കെ.ജയപ്രകാശ്, പാലക്കാട് റിസർച്ച് അസ്സിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ.
(ഭരണ വിഭാഗം അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
ശ്രീ ഇ.നവാസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷൻ ടെക്നിക്കൽ അസിസ്റ്റന്റ്.
(ഭരണ വിഭാഗം അഡീഷണൽ

സ.ഉ.(സാധാ) നം.576/2022/F&WLD

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 23-12-2022 12:21:09

സെക്ഷൻ ഓഫീസർ